പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

26.03.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം. 532

## സംസ്ഥാനത്തിന് ഹാനികരമാകുന്ന ദേശീയ് സമുദ്രനയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>,, ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്രസർക്കാരിന്റെ ദേശീയ സമുദ്രനയം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. 28/04/2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് ചില ആശങ്കകൾ നിലനിൽക്കുന്നു ണ്ട്. എൽ.ഒ.പി നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടു ണ്ടെങ്കിലും പി.പി.പി മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നു മുള്ള ടി നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടിനാഷണൽ കമ്പനികളുടെ കടന്നുവരവിന് വഴിയൊരുക്കുമെന്നുള്ള ആശങ്ക ഉണ്ടായിട്ടു ണ്ട്. മത്സ്യ മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്നുവരുന്നത് മത്സ്യസമ്പത്ത് കുറയുന്ന തിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും മത്സ്യബന്ധന മേഖലയിൽ നിലനിൽക്കുന്നു ണ്ട്. |
| (ബി) | പ്രസ്തുത നയം സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ഏതൊക്കെ തരത്തിൽ ഹാനികരമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്നാക്കി പുനർക്രമീകരിച്ച് മത്സ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച മാറ്റങ്ങൾ വരുത്തുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളി സംഘങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്ര സർക്കാരിന്റെ കീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയി ക്കുന്ന ആവശ്യം പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെടാത്തതും ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നത് സംബന്ധിച്ച് ദേശീയ തലത്തിൽ തീരുമാനമു ണ്ടാകാത്തതും, മത്സ്യബന്ധന യാനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ്സ് നിശ്ചയിക്കാത്തതും |

| | | | |
|---|---|---|---|
| | | | പോരായ്മകളാണ്. എന്നാൽ ചെറു മത്സ്യങ്ങളെ പിടിച്ച് വളത്തിനായും മറ്റും വില്പന നടത്തുന്നത് കേരള സംസ്ഥാനത്ത് എം.എൽ.എസ് ' (മിനിമം ലീഗൽ സൈസ്) നിശ്ചയിച്ച് നിയന്ത്രിച്ചു വരുന്നു. എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാം വിധം ദേശീയ തലത്തിൽ തീരുമാനമു ണ്ടായാലേ പൂർണ്ണമായും ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. അത് ഉണ്ടാകാത്തതും സംസ്ഥാനത്തിന് ഹാനികരമാകുന്ന വസ്തുതയാണ്. |
| (സി) | ഇരുനൂറ് നോട്ടിക്കൽ മൈൽ വരെയുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനാവകാശം തടഞ്ഞ് വിദേശ ട്രോളറുകൾക്ക് തീരം കയ്യടക്കാൻ വഴിയൊരുക്കുന്ന തരത്തിലുള്ള നയം സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ ഏതുതരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതൽ ആയി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതൽ ആയി ചൂഷണം ചെയ്യുന്നതിനുദ്ദേശിച്ചുകൊ ണ്ട് വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യ ബന്ധനം നടത്തുന്നത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കുന്നത് കുറയുന്നതിനിടയാവും. ഈ പ്രദേശത്ത് മത്സ്യബന്ധനം നടത്താൻ നൽകി വന്ന Letter of Permit സമ്പ്രദായം കേരള സർക്കാരിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിർത്തലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇത് വിദേശ ട്രോളറുകളുടെ കടന്നു കയറ്റത്തെ ഒരു പരിധി വരെ നിയന്ത്രിക്കാൻ സഹായിച്ചിട്ടു ണ്ട്. എന്നാൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യ യും പ്രോത്സാഹിപ്പിക്കുന്നത് മൾട്ടി നാഷണൽ കമ്പനികളുടെ കടന്നുവരവിന് ഹേതുവാകും എന്ന് ആശങ്കപ്പെടുന്നു. |
| (ഡി) | മുപ്പത് നോട്ടിക്കൽ മൈൽ വരെ സംസ്ഥാന അധികാര പരിധിയാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്രസമീപനം വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പുനർ ക്രമീകരിക്കണമെന്ന ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. |
| (ഇ) | ദേശീയ സമുദ്ര മത്സ്യനയത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പുകൾ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ അവകാശം പരിരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ടി നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക ഉൾപ്പെടുത്തി മൂന്ന പ്രാവശ്യം നിവേദനം നൽകിയിരുന്നുവെങ്കിലും മേൽപ്പറഞ്ഞ വിഷയങ്ങളൊന്നും തന്നെ പരിഗണിക്കപ്പെട്ടിട്ടില്ല. മത്സ്യബന്ധന മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇനിയും ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ